LIBRARY ARCHIVES Kerala Legislative Assembly

ഉണനിലവാരത്തോടുകൂടി കൈകാര്യം ചെയ്യുന്നതിന് പ്രാപ്തരും സിവിൽ സർവ്വീസ് പരീക്ഷ പരിശീലനത്തിൽ പരിചയ സമ്പന്നരുമായ അദ്ധ്യാപകരാണ് അക്കാദമിയുടെ വിജയത്തിന്റെ പ്രധാന ഘടകം. വിശദമായ വിലയിരുത്തൽ നടത്തിയിട്ടില്ല.

(ബി) ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ നിലവിലുള്ള മൂന്ന് കേന്ദ്രങ്ങൾക്ക് പുറമേ നിർദ്ദിഷ്ട ചെങ്ങന്നൂർ, മൂവാറ്റുപുഴ, കോന്നി കേന്ദ്രങ്ങളുടെ പ്രവർത്തനം വിലയിരുത്തിയശേഷം പുതിയ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന്റെ സാദ്ധ്യത പരിശോധിക്കുന്നതാണ്.

ഐ.എ.എസ്., ഐ.പി.എസ്. ഒഴിവുകളിലേക്ക് നിയമനങ്ങൾ

49 (1913) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഐ.എ.എസ്., ഐ.പി.എസ്. കേഡറിൽപ്പെട്ട എത്ര ഉദ്യോഗസ്ഥന്മാരുണ്ട് ; നിലവിലുള്ള ഒഴിവുകൾ എത്ര ; പ്രസ്തുത ഒഴിവുകളിലേക്ക് നോൺ-കേഡറിൽപ്പെട്ട എത്രപേരെ നിയോഗിച്ചിട്ടുണ്ട് ; അവർ ആരൊക്കെ ;

(ബി) ഐ.എ.എസ്., ഐ.പി.എസ്. കേഡറിൽ, നോൺ-കേഡറിൽപ്പെട്ട ഉദ്യോഗസ്ഥരെ നിയമിക്കുന്നതു സംബന്ധിച്ച് കേന്ദ്രഗവൺമെന്റ് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(സി) എങ്കിൽ, പ്രസ്തുതനിർദ്ദേശത്തിനു വിരുദ്ധമായുള്ള നിയമനങ്ങൾ ഇപ്പോഴും നിലവിലുണ്ടോ ; അതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ; ഇപ്രകാരം നിയമിച്ച നടപടി തിരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) സംസ്ഥാനത്ത് കേന്ദ്ര ഡെപ്യൂട്ടേഷൻ, ലീവ് റിസർവ്, ജൂനിയർ റിസർവ് എന്നിവയുൾപ്പെടെ ഐ.എ.എസ്. കേഡറിൽ 155 ഉദ്യോഗസ്ഥരും ഐ.പി.എസ്. കേഡറിൽ 127 ഉദ്യോഗസ്ഥരുമുണ്ട്. ഐ.എ.എസ്-ൽ 126 കേഡർ തസ്തികകളിൽ നിലവിൽ 61 ഒഴിവുകളുണ്ട്. ഇതിൽ 23 നോൺ കേഡർ ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ട്. ബാക്കിയുള്ള ഒഴിവുകൾ നിലവിലുള്ള ഉദ്യോഗസ്ഥർക്ക് അധിക ചുമതലയായി നൽകിയിട്ടുണ്ട്. ഐ.പി.എസ്.-ലെ 89 കേഡർ തസ്തികകളിൽ നിലവിൽ 18 ഒഴിവുകളുണ്ട്. അതിൽ ആംഡ് പോലീസ് ബറ്റാലിയൻ കമാണ്ടന്റിന്റെ ഒരൊഴിവിൽ നോൺ-കേഡർ ഉദ്യോഗസ്ഥനെ നിയോഗിച്ചിട്ടുണ്ട്.

(ബി) അഖിലേന്ത്യാ സർവ്വീസ് കേഡർ ചട്ടം 9 പ്രകാരം നോൺ-കേഡർ ഉദ്യോഗസ്ഥരെ കേഡർ തസ്തികകളിൽ നിയമിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ഗൂളിന്റെ പകർപ്പ് അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്.*

(സി) അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരുടെ പ്രത്യേകിച്ച്, ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ ധാരാളം ഒഴിവുകൾ സംസ്ഥാനത്ത് നിലവിലുള്ളതിനാൽ കേഡർ തസ്തികകളിൽ ബന്ധപ്പെട്ട വകുപ്പുകളിലെ ഏറ്റവും സീനിയറായ ഉദ്യോഗസ്ഥരെയോ ആ വകുപ്പുകളിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥരെയോ ഭരണപരമായ സൗകര്യാർത്ഥം നിയമിച്ചിട്ടുണ്ട്.

സിവിൽ സർവ്വീസ് ഓഫീസർമാരുടെ ഒഴിവുകൾ

50 (1914) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിൽ എത്ര സിവിൽ സർവ്വീസ് ഓഫീസർമാരുടെ തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നത് ;

(ബി) ഇതിൽ ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. ഓഫീസർമാരുടെ ഒഴിവുകൾ എത്ര എണ്ണം വീതമുണ്ട് ;

(സി) സിവിൽ സർവ്വീസ് ഓഫീസർമാരുടെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത് നിമിത്തം ഭരണരംഗത്ത് നിശ്ചലാവസ്ഥ സംജാതമാകും എന്നതു കണക്കിലെടുത്ത് ഒഴിവുകൾ നികത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് സിവിൽ സർവ്വീസ് ഓഫീസർമാരിൽ 83 ഐ.എ.എസ്.-കാരുടെയും 36 ഐ.പി.എസ്. ഉദ്യോഗസ്ഥരുടെയും 26 ഐ.എഫ്.എസ്. ഉദ്യോഗസ്ഥരുടെയും ഒഴിവുകളും കേരള സിവിൽ സർവ്വീസ് (എക്സിക്യൂട്ടീവ്)-ൽ ഉൾപ്പെടുന്ന ഡെപ്യൂട്ടി കളക്ടർ തസ്തികയിൽ ഒരു ഒഴിവും നിലവിലുണ്ട്.

(സി) കേരള സിവിൽ സർവ്വീസ് (എക്സിക്യൂട്ടീവ്)-ൽ ഉൾപ്പെടുന്ന ഡെപ്യൂട്ടി കളക്ടർ തസ്തികയിൽ നിലവിലുള്ള ഒരൊഴിവ് ട്രൈ-ട്രാൻസ്ഫർ പ്രൊമോഷൻ മുഖേന നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഐ.എ.എസ്/ഐ.പി.എസ്/ഐ.എഫ്.എസ്. എന്നീ വിഭാഗങ്ങളിൽ ഒഴിവുള്ള തസ്തികകളിൽ നിലവിലുള്ള ഉദ്യോഗസ്ഥർക്ക് അധിക ചുമതലകൾ നൽകിവരുന്നതിനാൽ ഭരണരംഗത്ത് നിശ്ചലാവസ്ഥയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly